പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 2815 — 19/06/2014-ൽ മറുപടിയ്ക്ക്

ചെറുന്നിയൂർ പണയിൽക്കടവ് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) | ചെറുന്നിയൂർ പണയിൽകടവ് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് വേണ്ടിയുള്ള സ്ഥലമേറ്റെടുപ്പ് നടപടി ക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ; | (എ) പണയിൽകടവ് പാലം അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് വേണ്ടി ചെറുന്നിയൂർ വില്ലേജിൽപ്പെട്ട 21.8 ആർ സ്ഥലം 2006-ൽ ഏറ്റെടുത്തെങ്കിലും 566/13, 574/4 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട കുറച്ച് സ്ഥലം കൂടി ഏറ്റെടുക്കുവാനുണ്ട്. ടി ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |
| (ബി) | ആകെ എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കേണ്ടതെന്നും ഈ സ്ഥലം ആരുടേതൊക്കെയാണെന്നും വ്യക്തമാക്കാമോ ; | (ബി) ചെറുന്നിയൂർ വില്ലേജിൽപ്പെട്ട 21.8 ആർ സ്ഥലം 2006-ൽ ഏറ്റെടുത്തു. ഇനി ഏറ്റെടുക്കുവാനുള്ള സ്ഥലത്തിന്റെ സർവ്വെ നടപടികൾ പൂർത്തിയായതിന് ശേഷം മാത്രമേ സ്ഥലത്തിന്റെ കൃത്യമായിട്ടുള്ള അളവ് ലഭ്യമാകുകയുള്ളൂ.<br>1) പുത്തൻവിളയിൽ ബസിലി ഗോമസ് 2) വാണിക്കുടി ക്ലാറൻസിയാർ ക്രൂസ് 3) മാങ്കുഴി കുഞ്ഞു കൃഷ്ണൻ 4) പുത്തൻ വിളാകത്ത് വേലു അപ്പു 5) വിളയിൽ വീട്ടിൽ ലിൽറ്റാ ഗോമസ് എന്നിവരുടെ സ്ഥലങ്ങളാണ് ഇനി ഏറ്റെടുക്കുവാനുള്ളത്. |
| (സി) | പാലം പണി പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും അപ്രോച്ച് റോഡ് നിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 574/4, 566/13 എന്നീ സർവ്വേ നമ്പരുകളിൽ ഉൾപ്പെട്ട സ്ഥലം ബി. റ്റി. ആർ. പ്രകാരം ഭൂസ്ഥിതിവഴി എന്ന് രേഖപ്പെടുത്തിയതിനാൽ ടി സ്ഥലം പട്ടയഭൂമിയാണോ പുറമ്പോക്കാണോ എന്ന് വ്യക്തമാകാത്തതിനാൽ പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുവാൻ കഴിഞ്ഞില്ല. ഇത് സംബന്ധിച്ച് ബഹു. ലോകായുക്തയിൽ 364/2008 നമ്പരായി ഒരു കേസും നിലനിന്നിരുന്നു. ഇപ്പോൾ ലോകായുക്തയുടെ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ ടി ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ